**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3837** **03-03-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര അക്ഷയ കേന്ദ്രങ്ങളുടെ കുറവുണ്ട് എന്നത് പരിശോധനക്ക് വിധേയമാക്കിയിട്ടുണ്ടോ; | (എ) | അക്ഷയ കേന്ദ്രങ്ങളിലെ തിരക്ക്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങളിൽ നിന്നുമുള്ള ആവശ്യം എന്നിവയുടെ അടിസ്ഥാനത്തിൽ കൂടുതൽ അക്ഷയ കേന്ദ്രങ്ങളുടെ ആവശ്യമുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിലെ മാനദണ്ഡം പാലിച്ചുകൊണ്ട് കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനായി ലൊക്കേഷനുകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | മലപ്പുറം ജില്ലയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ ഉടനെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | മലപ്പുറം ജില്ലയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ അംഗീകാരം ലഭിച്ച 23 ലൊക്കേഷനുകളിൽ അക്ഷയ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ